**<u>അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1: 30 ആക്കി കുറയ്ക്കുന്നത് സംബന്ധിച്ച് ചീഫ് സെക്രട്ടറി, ധനകാര്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, പൊതുവിദ്യാഭ്യാസ സെക്രട്ടറി എന്നിവരടങ്ങുന്ന കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ പ്രസക്ത ഭാഗങ്ങൾ</u>**

1. എയ്ഡഡ് സ്കൂൾ മേഖലയിൽ അധ്യാപകരുടെ നിയമനത്തിന് ശാസ്ത്രീയമായ രീതി കൊണ്ടുവന്ന് നിലവിലുള്ള അധികാധ്യാപകരെ വിന്യസിക്കുന്നത് സംബന്ധിച്ചുള്ളതാണ് കുറിപ്പിലെ വിഷയം. മന്ത്രിസഭയുടെ 08.06.2011 ലെ യോഗം ശമ്പളം ലഭിക്കാത്ത സ്കൂൾ/കോളേജ് അധ്യാപകരുടെ പ്രശ്നം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. 2010-11 ൽ അനുവദിച്ച സർക്കാർ ഹയർ സെക്കണ്ടറി ബാച്ചുകളിലേക്ക് തസ്തിക സൃഷ്ടിച്ച് സർക്കാർ ഇതിനകം തന്നെ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എയ്ഡഡ് ഹയർ സെക്കന്ററി സ്കൂളുകളിൽ തസ്തിക സൃഷ്ടിക്കുന്ന കാര്യം പ്രത്യേകമായി സമർപ്പിക്കുന്നതാണ്. എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകളിൽ തസ്തികകൾ സൃഷ്ടിക്കുന്നത് വരെ ഗസ്റ്റ് ലക്ചറർമാരെ നിയമിക്കാൻ മാനേജർമാർക്ക് അനുവാദം നൽകിയിട്ടുണ്ട്.

2. സർക്കാരിന്റെ 24.03.2011 ലെ ജി.ഒ.(എം.എസ്).90/11/ പൊ.വി.വകുപ്പ് പ്രകാരം സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മേഖലയിൽ അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുന്നത് സംബന്ധിച്ചും നിലവിലുള്ള അധികാധ്യാപകരെ വിന്യസിക്കുന്നത് സംബന്ധിച്ചും പരിശോധിക്കാൻ ചീഫ് സെക്രട്ടറി, ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ ഉൾപ്പെട്ട ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു. കമ്മിറ്റിയുടെ 02.07.2011 ൽ കൂടിയ യോഗം ഈ വിഷയത്തിൽ ഒരു റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിച്ചു. അത് അനുസരിച്ച് അധികാധ്യാപകരുടെ പ്രശ്നങ്ങൾ സംബന്ധിച്ചും, അവരുടെ പുനർവിന്യാസം സംബന്ധിച്ചും എയ്ഡഡ് സ്കൂൾ മേഖലയിൽ അധ്യാപക നിയമനത്തിന് ഒരു ശാസ്ത്രീയ രീതി നടപ്പിൽ

വരുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സമഗ്രമായ ഒരു റിപ്പോർട്ട് കമ്മിറ്റിക്ക് സമർപ്പിച്ചു. കമ്മിറ്റി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**3.** പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശമ്പളമില്ലാതെ ജോലി ചെയ്യുന്ന അധ്യാപകരുടെ എണ്ണം 3615 ആണ്. ഈ അധ്യാപകരുടെ നിയമനം അംഗീകരിച്ചാൽ ശമ്പള ഇനത്തിലുള്ള കുടിശ്ശിക കണക്കാകുമ്പോൾ മാത്രം ഉണ്ടാകാവുന്ന സാമ്പത്തിക ബാധ്യത 169.04 കോടി രൂപയാണ്. ഇവരെ റഗുലറൈസ് ചെയ്യുന്നതുവഴി വർഷം തോറുമുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഉദ്ദേശം 93.42 കോടി രൂപയുമാണ്. ഈ 3615 അധിക അധ്യാപകരിൽ 695 പേരുടെ നിയമനം താഴെപറയുന്ന കാരണങ്ങളാൽ അംഗീകരിക്കാൻ കഴിയില്ല.

| | | |
|---|---|---|
| 1. യോഗ്യത ഇല്ലാത്ത അധ്യാപകർ | - | 8 |
| 2. സീനിയർ അധ്യാപകരുടെ നിയമനം അംഗീകരിക്കാത്തതുമൂലം അംഗീകാരം ലഭിക്കാത്തവർ | - | 208 |
| 3. കെ.ഇ.ആറിലെ വ്യവസ്ഥകൾ ലംഘിച്ച് നിയമനം ലഭിച്ചവർ ( കെ.ഇ.ആർ.പ്രകാരം മറ്റ് യോഗ്യരായ അവകാശികൾ ഉള്ളതിനാൽ) | - | 303 |
| 4. കോടതി വ്യവഹാരങ്ങൾ അപ്പീലുകൾ എന്നിവ മൂലം അംഗീകാരം ലഭിക്കാത്തവർ (അർഹതപ്പെട്ട ക്ലയ്മെന്റുകൾ തമ്മിലുള്ള അവകാശ തർക്കങ്ങൾ പരിശോധിച്ചതിന് ശേഷം മാത്രം പരിഗണിക്കാവുന്നത്) | - | 114 |
| 5. പൂർണ്ണമായ വിവരം ലഭ്യമാക്കാത്തവർ | - | 38 |
| 6. മാനേജ്മെന്റ് തർക്കം നിലനിൽക്കുന്ന കേസുകൾ (നിയമനം നടത്തുവാനുള്ള മാനേജുമെന്റിന്റെ അവകാശം തന്നെ തർക്കത്തിലാണ്) | - | 24 |

4. മേൽപറഞ്ഞ 695 അധ്യാപകരുടെ കാര്യം അപ്പീലുകൾ, കോടതി കേസുകൾ എന്നിവ പൂർത്തിയാവുന്ന മുറയ്ക്കേ പരിഗണിക്കാനാവൂ. അവശേഷിക്കുന്ന 2920 അധിക അധ്യാപകരെ താഴെ പറയുന്ന പ്രകാരം തരം തിരിക്കാവുന്നതാണ്.

a. സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ കണ്ടെത്തിയ അധിക അദ്ധ്യാപകർ

സൂപ്പർ ചെക്ക് സെൽ പരിശോധനയിൽ ചില വ്യാജ അഡ്മിഷനുകൾ കണ്ടെത്തിയതുമൂലം തസ്തിക പുനഃനിർണ്ണയം ചെയ്തപ്പോൾ 109 അധ്യാപകർ അധികമായി.

b. അൺ ഇക്കണോമിക്ക് സ്കൂളുകളിൽ നിയമിച്ച അധ്യാപകർ

അൺ ഇക്കണോമിക്ക് സ്കൂളുകളിലെ വേക്കൻസികളിൽ പ്രൊട്ടക്റ്റഡ് അധ്യാപകരെ മാത്രമെ നിയമിക്കാൻ പാടുള്ളു എന്ന കെ.ഇ.ആറിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് 374 അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

c. പുതിയതായി ആരംഭിച്ച/അപ്പ് ഗ്രേഡ് ചെയ്ത സ്കൂളുകളിലെ അധ്യാപകർ

പുതിയതായി ആരംഭിച്ചതോ അപ്പ് ഗ്രേഡ് ചെയ്തതോ ആയ സ്കൂളുകളിൽ നിലവിലുള്ള/ഉണ്ടാകാവുന്ന വേക്കൻസികളിൽ പ്രൊട്ടക്റ്റഡ് അധ്യാപകരെ മാത്രമെ നിയമിക്കാവൂ എന്ന സർക്കാർ ഉത്തരവിനെ ലംഘിച്ച് 249 അധ്യാപകരെ നിയമിച്ചു.

d. ബോണ്ട് സമർപ്പിക്കാത്തതുമൂലം അംഗീകാരം ലഭിക്കാതെ നിൽക്കുന്ന അധ്യാപകർ.

2006-07 മുതൽ അഡീഷണൽ ഡിവിഷൻ വേക്കൻസികളിൽ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കുന്നതിന് വേണ്ടി 2010-11 ൽ ഉണ്ടാകാവുന്ന വേക്കൻസികളിൽ തുല്യമായ എണ്ണം പ്രൊട്ടക്റ്റഡ് അധ്യാപകരെ നിയമിക്കാമെന്നും അതിന് ശേഷമുണ്ടാകാവുന്ന അഡീഷണൽ ഡിവിഷൻ വേക്കൻസികളിൽ പ്രൊട്ടക്റ്റഡ് അധ്യാപകരെയും പുതിയ അധ്യാപകരെയും 1:1 അനുപാതത്തിൽ നിയമിക്കാമെന്നുള്ള

ബോണ്ട് സ്കൂൾ മാനേജുമെന്റുകൾ സമർപ്പിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവ് ഇറക്കിയിരുന്നു. ഇപ്രകാരം ബോണ്ട് സമർപ്പിക്കാത്തുമൂലം 1817 അധ്യാപകർക്ക് നിയമനാംഗീകാരം ലഭിച്ചിട്ടില്ല.

ല. നിയമന നിരോധന കാലയളവിൽ അധിക ഡിവിഷൻ വേക്കൻസികളിൽ നിയമിക്കപ്പെട്ട അധ്യാപകർ.

അഡീഷണൽ ഡിവിഷൻ വേക്കൻസികളിലെ നിയമനങ്ങൾക്ക് 2006-07 മുതൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിരുന്നതുമൂലം വിദ്യാഭ്യാസ ഓഫീസർമാർ അഡീഷണൽ ഡിവിഷനുകൾക്ക് അനുമതി നൽകിയിരുന്നില്ല. സർക്കാർ ഉത്തരവ് ലംഘിച്ച് മാനേജുമെന്റുകൾ 371 അധ്യാപകരെ നിയമിച്ചിട്ടുണ്ട്.

5. ആകെയുള്ള 3083 പ്രൊട്ടക്റ്റഡ് അധ്യാപകരിൽ 339 പേരെ പുനർ വിന്യസിച്ചിട്ടില്ല. ശമ്പളം ലഭിക്കാതെ നിൽക്കുന്ന അധ്യാപകർ 2920 പേരുണ്ട്. ഏകദേശം 4500 പേരോളം ഈ വർഷം പുറത്താക്കപ്പെടുമെന്നാണ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ടെങ്കിലും ഇത് അതിനെക്കാൾ കുറവാകാനാണ് സാധ്യത. ഈ പ്രൊപ്പോസലിന്റെ ആവശ്യത്തിലേക്കുവേണ്ടി എണ്ണം 4500 ആയി നിജപ്പെടുത്തിയിട്ടുണ്ട്. പ്രൊട്ടക്ഷൻ നിലവില്ലാത്ത കാലയളവിൽ പുറത്താക്കപ്പെട്ട അധ്യാപകരുടെ എണ്ണം കൂടി ഇതിൽ ഉൾപ്പെടുന്നു. സീനിയോറിറ്റി കണക്കാക്കുമ്പോൾ, ഈ വർഷം പുറത്താക്കപ്പെടുന്ന അധ്യാപകരുടെ എണ്ണം ഏറ്റവും താഴെയായിരിക്കും.

6. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ച ഉത്തരവുകൾ മാനേജർമാർ അവഗണിക്കുകയും ലംഘിക്കുകയും ചെയ്തതുമൂലമാണ് 2920 അധ്യാപകർ ശമ്പളമില്ലാതെ തുടരേണ്ട സാഹചര്യം ഉണ്ടായതെന്ന് റിപ്പോർട്ടിൽ പരാമർശിക്കുന്നുണ്ട്. ഈ 2920 അധ്യാപകരുടെയും അനധികൃത നിയമനങ്ങൾ സംബന്ധിച്ചുള്ള പ്രശ്നങ്ങൾ പരിഹരിച്ചു കഴിഞ്ഞാലും സർക്കാർ ഉത്തരവുകളുടെ ലംഘനവും അനധികൃത നിയമനങ്ങളും വീണ്ടും തുടരും. ഭൂരിപക്ഷ മാനേജർമാരും കഴിഞ്ഞ കുറേ വർഷങ്ങളായി തുടർന്നുവരുന്ന രീതിയാണിത്. സർക്കാർ സ്കൂളുകളുടെ നിയമനത്തിന്

ഒരു നിയതമായ രീതിയുണ്ട്. എന്നാൽ എയ്ഡഡ് സ്കൂളുകളിൽ തസ്തികകളുടെ എണ്ണം സംബന്ധിച്ച് യാതൊരു സുതാര്യതയും ഇല്ല. ഇന്നത്തെ സാമൂഹിക രാഷ്ട്രീയ പശ്ചാത്തലത്തിൽ നിയമന രീതി പരിഷ്കരിക്കുന്നതിൽ ബുദ്ധിമുട്ടുകളുണ്ട്. എന്നാൽ നികത്തേണ്ട അധ്യാപക തസ്തികകളുടെ എണ്ണം കൃത്യമായി കണക്കാക്കപ്പെടുന്നുണ്ടെന്നും ഇത് സംബന്ധിച്ച വിവരം ഉദ്യോഗാർത്ഥികളിലെത്തുന്നുണ്ടെന്നും സർക്കാർ ഉറപ്പുവരുത്തേണ്ടതുണ്ട്.

7. പ്രശ്നങ്ങൾ വിശദമായി പരിശോധിച്ച ശേഷം എയ്ഡഡ് സ്കൂൾ മേഖലയിലെ അധിക അധ്യാപകരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരമായി റിപ്പോർട്ടിലെ താഴെപറയുന്ന നിർദ്ദേശങ്ങൾ കമ്മിറ്റി ശുപാർശ ചെയ്തു.

(i). 2010-11 അധ്യയന വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് 2011-12 വർഷത്തിലും ബാധകമായിരിക്കും. അതായത് 2010-11 വർഷത്തിൽ ഓരോ സ്കൂളിലെയും നിലവിലുള്ള തസ്തികകളുടെ എണ്ണം അതെ പോലെ നിലനിർത്തേണ്ടതാണ്.

(ii). 31.03.2011 ന് ശേഷം ഒരു തസ്തികകളിലും നിയമനം അനുവദിക്കുന്നതല്ല.

(iii). ഈ അക്കാദമിക വർഷത്തിൽ നിയമിതരായവരെ ദിവസവേതനാടിസ്ഥാനത്തിൽ കണക്കാക്കുകയും അവരുടെ അംഗീകാരം 2013-14 അക്കാദമിക വർഷത്തിൽ മാത്രം പരിഗണിക്കുന്നതുമാണ്. ഇത്തരം അധ്യാപകരുടെ വിവരങ്ങൾ പ്രത്യേക പ്രൊഫോർമയിൽ ആഗസ്റ്റ് മാസം തന്നെ സ്കൂളുകളിൽ നിന്നും നൽകേണ്ടതാണ്.

(iv). 2011-12, 2012-13 എന്നീ വർഷങ്ങളിൽ ഉണ്ടാകുന്ന അധ്യാപകരുടെ രാജി, മരണം, റിട്ടയർമെന്റ്, പ്രമോഷൻ എന്നിവ മൂലമുണ്ടാകുന്ന ഒഴിവുകൾ നികത്തേണ്ടത് താഴെപറയുന്ന സർക്കാർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമായിരിക്കണം.

a. 2010-11 വർഷത്തിലെ തസ്തിക നിർണ്ണയ ഉത്തരവ് അടിസ്ഥാനപ്പെടുത്തിയായിരിക്കണം ഓരോ സ്കൂളിലെയും തസ്തികകൾക്ക് അനുമതി നൽകേണ്ടത്. വിദ്യാഭ്യാസ അവകാശനിയമത്തിലെ വ്യവസ്ഥകൾ പ്രകാരം 5-ാം ക്ലാസുവരെ ഒരു ക്ലാസിൽ 30 വിദ്യാർത്ഥികൾക്കും 6 മുതൽ 10 വരെ ക്ലാസുകളിൽ 35 വിദ്യാർത്ഥികൾക്കും പ്രവേശനം നൽകാവുന്നതാണ്. ഈ അനുപാതത്തിൽ ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ.മാർ 2011-12 ലെ ഏകദിന പരിശോധനയിലൂടെ കണ്ടെത്തിയ കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയ ഉത്തരവ് ക്രമീകരിക്കേണ്ടതാണ്.

b. ഓരോ സ്കൂളിലും നിയമനം പ്രതീക്ഷിച്ചു കഴിയുന്ന വിവിധ വിഭാഗങ്ങളിൽപ്പെട്ട, പ്രൊട്ടക്ഷൻ ആനുകൂല്യമില്ലാതെ പുറത്താക്കപ്പെട്ട അധ്യാപകരടക്കമുള്ള നിയമന അവകാശികളുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി അത് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ വെബ്സൈറ്റിൽ ആഗസ്റ്റ് മാസത്തിൽ തന്നെ പ്രസിദ്ധീകരിക്കേണ്ടതാണ്. ഈ ലിസ്റ്റിൽ പരാതിയുള്ളവർക്ക് അപ്പീൽ നൽകാവുന്നതും ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ.മാർ സ്കൂൾതല സിറ്റിംഗ് നടത്തി രേഖകൾ പരിശോധിച്ച് തീർപ്പു കൽപിക്കേണ്ടതുമാണ്. ബന്ധപ്പെട്ട അവകാശികളുടെയും മാനേജുമെന്റിന്റെയും സാന്നിദ്ധ്യത്തിൽ എടുക്കുന്ന തീരുമാനത്തിനെതിരെ യാതൊരുവിധ അപ്പീലും പരിഗണിക്കുന്നതല്ല. ഒരു കോർപ്പറേറ്റ് മാനേജ്മെന്റുകളുടെ കീഴിൽ വരുന്ന എല്ലാ സ്കൂളുകളും ചേർത്ത് ഒറ്റ സ്കൂളായി നിലവിലുള്ളതുപോലെ പരിഗണിക്കുന്നതാണ്. എന്നാൽ എ.ഇ.ഒ/ഡി.ഇ.ഒ.യുടെ തീരുമാനത്തിനെതിരെ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ പരാതി നൽകാവുന്നതാണ്. ഈ പ്രക്രിയ സെപ്റ്റംബർ മാസത്തിനു മുമ്പ് തന്നെ തീർപ്പാക്കണം.

(v). മുകളിൽ വിവരിച്ച a, b ഒഴിവുകൾ താഴെപറയുന്ന മുൻഗണന ക്രമത്തിലായിരിക്കണം നികത്തേണ്ടത്.

1. ശമ്പളമില്ലാതെ ജോലി ചെയ്യുന്ന 2920 അധ്യാപകർ.

2. ഒരു സ്കൂളിൽ/മാനേജ്മെന്റിൽ ഈ വിഭാഗത്തിൽപ്പെടുന്ന അധ്യാപകർ ഇല്ലെങ്കിൽ താഴെപറയുന്ന രണ്ട് വിഭാഗത്തിൽ നിന്നും എടുക്കേണ്ടതാണ്.

a. ഒരു സ്കൂളിൽ ഒരു പ്രൊട്ടക്റ്റഡ് ടീച്ചർ.

b. സീനിയോറിറ്റി പ്രകാരമുള്ള അവകാശികൾ

(vi). ഹ്രസ്വകാല ഒഴിവുകളിൽ പോലും മേൽ ക്രമത്തിന് വിരുദ്ധമായി നിയമനം നടത്താൻ പാടില്ല. ഓരോ സ്കൂളിലുള്ള ഇത്തരം വേക്കൻസികൾ കാറ്റഗറി തിരിച്ച് ഒക്ടോബർ 15 ന് മുമ്പ് തന്നെ സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

(vii). ഇനി മുതൽ അംഗീകാരമുള്ള എയ്ഡഡ് സ്കൂൾ ജീവനക്കാരുടെ ശമ്പളത്തിന്റെ ഡ്രോയിംഗ് ആന്റ് ഡിസ്ബേഴ്സിംഗ് ചുമതല ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതാണ്. നിലവിലെ എ.ഇ.ഒ/ഡി.ഇ.ഒ കൗണ്ടർ സൈൻ ചെയ്യുന്ന രീതി നിർത്തലാക്കുന്നതാണ്. ഇതിനായി 'സ്പാർക്ക് ' വഴിയുള്ള ധനവിനിയോഗ രീതിയായിരിക്കും അവലംബിക്കുന്നത്.

(viii). സ്കൂളുകളിലെ തസ്തികകൾ നിർണ്ണയിക്കപ്പെട്ടു കഴിഞ്ഞതിനാലും റിട്ടയർമെന്റ് മൂലമുണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി തീരുമാനിക്കാവുന്നതിനാലും ഇനി മുതലുണ്ടാകുന്ന യഥാർത്ഥ ഒഴിവുകൾ വിവര സാങ്കേതികവിദ്യയുടെ സഹായത്തോടെ പൊതു വിദ്യാഭ്യാസ ഡയറക്ടർ നോട്ടിഫൈ ചെയ്യേണ്ടതാണ്. ശമ്പളം ലഭിക്കാത്ത അധ്യാപകരെയും പ്രൊട്ടക്റ്റഡ് അധ്യാപകരെയും നോഷണലായി ക്രമീകരിച്ചതിന് ശേഷം യഥാർത്ഥ ഒഴിവുകൾ കണ്ടെത്താവുന്നതാണ്.

(ix). viii-ാം ഖണ്ഡികയിൽ വിവരിച്ച കണക്ക് പ്രകാരമുള്ള ഒഴിവുകൾ ഉൾപ്പെടെ ഓരോ സ്കൂളിലും ഉണ്ടാകുന്ന ഒഴിവുകൾ കണക്കാക്കി സമാഹൃത ലിസ്റ്റ് പി.എസ്.സി. നോട്ടിഫിക്കേഷൻ മാതൃകയിൽ പ്രസിദ്ധീകരിക്കേണ്ടതാണ്.

(x).നിയമനം ലഭിക്കാൻ ആഗ്രഹിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് നോട്ടിഫിക്കേഷൻ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്കൂളിൽ അപേക്ഷ നൽകാവുന്നതും

സ്കൂൾ അധികൃതർക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളെ നോട്ടിഫൈ ചെയ്ത ഒഴിവിലേയ്ക്ക് നിയമിക്കാവുന്നതുമാണ്. അത്തരം ഒഴിവുകളിലേയ്ക്കുള്ള നിയമനാംഗീകാരം ഓൺലൈൻ വഴി തന്നെ നൽകുന്നതും അതുപ്രകാരം 'SPARK' അപ്ഡേറ്റ് ചെയ്യുന്നതുമാണ്. അംഗീകൃത തസ്തികകളിൽ മാത്രം ഓൺലൈൻ മുഖാന്തിരം നിയമന അംഗീകാരം തേടുന്നതിനുവേണ്ടി നിയമനാർത്ഥികളെ ജാഗരൂകരാക്കുന്നതിനായി മതിയായ പ്രചാരണം നൽകേണ്ടതാണ്.

(xi). അതായത് സർക്കാർ പുറപ്പെടുവിച്ച നോട്ടിഫിക്കേഷൻ പ്രകാരമുള്ള ഒഴിവുകളിലേക്ക് മാത്രമെ നിയമനം നടത്താൻ കഴിയുകയുള്ളു. മറ്റ് തരത്തിലുള്ള നിയമനങ്ങൾ എല്ലാം നിയമവിരുദ്ധവും നിലനിൽക്കാത്തതുമാണ്.

(xii). 2012-13 അധ്യയന വർഷം മുതൽ ഏകദിന പരിശോധന അവസാനിപ്പിക്കാവുന്നതാണ്. അധിക ഡിവിഷന് തസ്തിക ആവശ്യമുള്ള പക്ഷം മാത്രം പരിഗണിക്കാവുന്നതാണ്. അധിക ഡിവിഷൻ തസ്തികകൾ ആവശ്യപ്പെടുന്ന സ്കൂളുകളിലെ എല്ലാ കുട്ടികൾക്കും **യു.ഐ.ഡി** (യൂണിവേഴ്സൽ ഐഡന്റിഫിക്കേഷൻ നമ്പർ) നിയമപ്രകാരം നിർബന്ധമാക്കേണ്ടതാണ്. ഇതിനായി ടി.സി, അഡ്മിഷൻ എന്നിവയുടെ വിശദവിവരങ്ങൾ സമർപ്പിക്കേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കേണ്ടതുമാണ്. ഇതിന്റെ പൂർണ്ണ ഉത്തരവാദിത്വം സ്കൂളിലെ ഹെഡ്മാസ്റ്റർക്കായിരിക്കും.

8. **ടീച്ചേഴ്സ് ബാങ്ക്** രൂപീകരിക്കുന്നത് സംബന്ധിച്ചാണ് ഈ റിപ്പോർട്ടിലെ മറ്റൊരു പ്രധാന നിർദ്ദേശം.

3083 സംരക്ഷിതാദ്ധ്യാപകർ, 2920 ശമ്പളം ലഭിക്കാതെയുള്ള അധ്യാപകർ, കുട്ടികളുടെ എണ്ണം കുറഞ്ഞതിന്റെ പേരിൽ പുറത്താക്കപ്പെട്ടതും ഈ വർഷം പുറത്താകാൻ സാധ്യതയുള്ളതുമായ 4500 അധ്യാപകർ എന്നിവർ ഉൾപ്പെട്ടതാണ് ടീച്ചേഴ്സ് ബാങ്ക്.

പ്രൊട്ടക്റ്റഡ് അധ്യാപകർ എന്ന പദ പ്രയോഗം ഇതിനാൽ ഇല്ലാതാക്കുന്നതാണ്. ഓരോ സ്കൂളുകളിലും ഉണ്ടാകുന്ന ഹ്രസ്വകാല താൽക്കാലിക ഒഴിവുകൾക്ക് അതതു വിദ്യാഭ്യാസ ജില്ല/ഉപ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ടീച്ചേഴ്സ് ബാങ്കുകളെ സമീപിക്കേണ്ടതാണ്. ഗവൺമെന്റ് നോട്ടിഫൈ ചെയ്യുന്ന സ്ഥിരം ഒഴിവുകളിലേയ്ക്കുള്ള നിയമനം ഒഴിച്ചുള്ള ഒരു നിയമനവും അംഗീകരിക്കുന്നതല്ല. മറ്റെല്ലാ നിയമനങ്ങളും ടീച്ചേഴ്സ് ബാങ്ക് മുഖേനയായിരിക്കും.

9. ടീച്ചേഴ്സ് ബാങ്കിലെ 10503 അധിക അധ്യാപകരെ താഴെ പറയുന്ന വിധത്തിൽ വിന്യസിക്കാവുന്നതാണ്:- വിദ്യാഭ്യാസ അവകാശ നിയമപ്രകാരം ഹെഡ് ടീച്ചറായി പ്രൊമോഷൻ ലഭിക്കുന്ന 1322 പേരെ എൽ.പി.സ്കൂളിലും 1355 പേരെ യു.പി.സ്കൂളിലും നിയമിക്കാവുന്നതാണ്. 641 പേരെ ബി.ആർ.സി ട്രെയിനർമാരായി എസ്.എസ്.എ.യിലും നിയമിക്കാവുന്നതാണ്. അപ്രകാരം 3318 പേരെ നിയമിക്കാനാകും. ഹെഡ് ടീച്ചർമാരുടെ പ്രൊമോഷൻ ഒഴിവുകൾ ടീച്ചർ ബാങ്കിൽ നിന്നും നികത്താവുന്നതാണ്. ടീച്ചർ ബാങ്കിൽ നിന്നും സ്ഥിരമായും താൽക്കാലികമായുമുള്ള ഒഴിവുകൾ നികത്തുന്നതിന് താഴെ പറയുന്ന നടപടികൾ പാലിക്കേണ്ടതാണ്:-

(a). ബന്ധപ്പെട്ട സ്കൂളുകൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

(b). ബന്ധപ്പെട്ട ഡി.ഇ.ഒ/എ.ഇ.ഒ പരിഗണിക്കാൻ യോഗ്യതയുള്ള 5 ടീച്ചർമാരുടെ പേരുകളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്.

(c). എയ്ഡഡ് സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയോ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റിയോ നിയമനം സംബന്ധിച്ച് തീരുമാനം കൈക്കൊള്ളേണ്ടതുമാണ്.

അഞ്ചാതരം വരെ വിദ്യാർത്ഥി അധ്യാപക അനുപാതം 30:1 ആറു മുതൽ പത്താംതരം 35:1 ആക്കുന്ന മുറയ്ക്ക് ടീച്ചേഴ്സ് ബാങ്കിൽ നിന്നും 3136 പേരെ കൂടി വിന്യാസിക്കാവുന്നതാണ്.

ഗവൺമെന്റ് എയ്ഡഡ് സ്കൂളുകളിൽ മേൽ വിവരിച്ച പ്രകാരം ഹെഡ്മാസ്റ്റർ പ്രൊമോഷൻ/ബി.ആർ.സി. ട്രെയിനേഴ്സ് വേക്കൻസികൾ ഉണ്ടാകുമ്പോൾ ഒഴിവുകൾ പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്യാതെ അത്തരം ഒഴിവുകളിൽ ടീച്ചേഴ്സ് ബാങ്കിൽ നിന്നും നിയമിക്കേണ്ടതാണ്. മാനേജർമാർ പുതുതായി ആരെയും നിയമിക്കാൻ പാടില്ല. അങ്ങനെ വരുമ്പോൾ പുനർ വിന്യസിക്കേണ്ട ടീച്ചേഴ്സ് ബാങ്കിലെ അധ്യാപകരുടെ ബാക്കി എണ്ണം 4049 മാത്രമാണ്.

10. സംസ്ഥാനത്ത് 3083 സ്പെഷ്യലിസ്റ്റ് അധ്യാപകർ നിലവിലുണ്ട്. വിദ്യാഭ്യാസ അവകാശ നിയമപ്രകാരം 5835 അധ്യാപകരെ നിയമിക്കാവുന്നതും ഇവരുടെ ശമ്പളയിനത്തിലുള്ള തുക എസ്.എസ്.എ.യിൽ വകയിരുത്തിയിട്ടുമുള്ളതാണ്. (പാർട്ട് ടൈം അധ്യാപകൻ പ്രതി മാസം 14400 രൂപ) അതിനാൽ നിലവിലുള്ള എല്ലാ സ്പെഷ്യലിസ്റ്റ് അധ്യാപകർക്കു പുറമേ 2752 അധ്യാപകരെകൂടി നിയമിക്കാവുന്നതാണ്. ആ നിലയ്ക്ക് ടീച്ചേഴ്സ് ബാങ്കിൽ നിന്നും 2752 എൽ.പി./യു.പി. അധ്യാപകരെ 15 ദിവസത്തെ ഓറിയേന്റ്ഷന് ശേഷം സ്പെഷ്യൽ അധ്യാപകരായി പുനർവിന്യസിക്കാവുന്നതാണ്. എല്ലാ എൽ.പി./യു.പി. അധ്യാപകർക്കും ടി.ടി.സി. യോഗ്യതയുള്ളതിനാൽ സ്പെഷ്യലിസ്റ്റ് അധ്യാപകരായി ജോലി നോക്കാവുന്നതാണ്.

11. റിപ്പോർട്ടിലെ നിർദ്ദേശം നടപ്പിലാക്കിയാൽ പുതിയ അധ്യാപക നിയമനങ്ങൾ വരും വർഷങ്ങളിൽ വളരെ കുറവായിരിക്കും. വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ചു പുതിയ അധ്യാപകർക്ക് ടി.ഇ.ടി യോഗ്യതകൂടി വേണം. അതിനാൽ ടീച്ചർമാരുടെ യോഗ്യതയ്ക്ക് ടി.ഇ.ടി.കൂടി ഉൾപ്പെടുത്താൻ പി.എസ്.സി.യോട് ആവശ്യപ്പെടാവുന്നതാണ്. അങ്ങനെ യാണെങ്കിൽ പി.എസ്.സി.മുഖേനയുള്ള നിയമനങ്ങൾക്ക് കൂടുതൽ സമയം വേണ്ടി വരും. ബി.എഡ്, ടി.ടി.സി കോളേജുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയുകയും അധ്യാപകർക്ക് ട്രെയിനിംഗ് കൊടുക്കാൻ ഇത്തരം സ്ഥാപനങ്ങൾ താൽക്കാലികമായി ഉപയോഗിക്കുകയും ചെയ്യാം. ടീച്ചേഴ്സ് ബാങ്കിൽ അവശേഷിക്കുന്നത് 1297 പേരാണ്. ഇവരെ 2 മാസം നീണ്ടുനിൽക്കുന്ന

ട്രെയിനിംഗിന് അയക്കാവുന്നതാണ്. ഒരു ബാച്ച് ട്രെയിനിംഗ് കഴിഞ്ഞ് മടങ്ങിവരുമ്പോൾ അടുത്ത ബാച്ചിനെ അയക്കാവുന്നതും ഇത് ഒരു തുടർ പ്രക്രിയയായി നിലനിർത്താവുന്നതുമാണ്.

ചുവടെ ചേർക്കുന്ന പ്രകാരം അധ്യാപകരെ വിന്യസിക്കാവുന്നതാണ്.

| | |
|---|---|
| ടീച്ചേഴ്സ് ബാങ്കിലെ ആകെ അധ്യാപകർ | 10503 |
| വിദ്യാഭ്യാസ അവകാശനിയമപ്രകാരമുള്ള ഹെഡ് ടീച്ചർമാർ | 2677 |
| BRC ട്രെയിനേഴ്സ് | 641 |
| അധ്യാപക വിദ്യാർത്ഥി അനുപാതം (1:30) | 3136 |
| SSAയുടെ സ്പെഷ്യലിസ്റ്റ് ക്വാട്ട | 2752 |
| ബാക്കി | **1297** |

12. സമൂഹത്തിലെ പൊതു സമ്മതനായ ഒരു വ്യക്തിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ വിചക്ഷണൻമാർ ഉൾക്കൊള്ളുന്ന ഒരു ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് അതോറിറ്റി രൂപീകരിക്കുക എന്നതാണ് മറ്റൊരു പ്രധാന നിർദ്ദേശം. എല്ലാ അധ്യാപകരും 3 വർഷത്തിലൊരിക്കൽ കമ്മിറ്റിയുടെ വിലയിരുത്തലിന് വിധേയമാകണം. ഏതെങ്കിലും ഒരു ടീച്ചർക്ക് ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ഗ്രേഡ് നൽകിയില്ലെങ്കിൽ ആ ടീച്ചർ സ്വന്തം ചെലവിൽ ട്രെയിനിംഗിന് പോകേണ്ടതും ക്ലാസിൽ വീണ്ടും പഠിപ്പിക്കുന്നതിന് മുമ്പ് വീണ്ടും വിലയിരുത്തലിന് വിധേയരാകേണ്ടതുമാണ്.

13. സമഗ്രമായ ഈ നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വിവരസാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ ഒരു വ്യവസ്ഥ അത്യാന്താപേക്ഷിതമാണ്. ഇതിന് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ചുമതലപ്പെടുത്താവുന്നതാണ്.

14. റിപ്പോർട്ടിലെ മാറ്റങ്ങൾക്ക് അനുസൃതമായി കെ.ഇ.ആർ.ൽ ഭേദഗതി നിയമവകുപ്പുമായി ആലോചിച്ച് വരുത്താവുന്നതാണ്.